# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1406 — 06/03/2020-ൽ മറുപടിയ്ക്ക്

### ലൈഫ് മിഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആവിഷ്കരിച്ച ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര വീട്ടുകൾ നിർമ്മിച്ച് നൽകിയെന്നും എത്ര തുക ഇതിനായി ചെലവഴിച്ചെന്നുമുള്ള വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കുമോ; | എ) | സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതിയിൽ നാളിതുവരെ മിഷൻ മുഖേന 191956 വീടുകളും പട്ടികജാതി വകുപ്പ് മുഖേന 18874 വീടുകളും പട്ടികവർഗ്ഗ വകുപ്പ് മുഖേന 972 വീടുകളും ഫിഷറീസ് വകുപ്പ് മുഖേന 3725 വീടുകളും ഉൾപ്പെടെ ആകെ 2,15,527 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ചെലവഴിച്ച തുകയുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരം ശേഖരിച്ച് വരുന്നു. |
| ബി) | ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര ഫ്ലാറ്റുകളാണ് നിർമ്മാണം പൂർത്തീകരിച്ചതെന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | ബി) | ലൈഫ് മിഷൻ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ 217 അപ്പാർട്ട്മെന്റുകൾ അടങ്ങിയ ഒരു ഭവന സമുച്ചയവും എറണാകുളം ജില്ലയിലെ അങ്കമാലി മുനിസിപ്പാലിറ്റിയിൽ 12 അപ്പാർട്ട്മെന്റുകൾ അടങ്ങിയ ഒരു ഭവന സമുച്ചയവും കൂടാതെ കോഴിക്കോട് ജില്ലയിൽ കോഴിക്കോട് കോർപ്പറേഷന്റെ നേതൃത്വത്തിൽ പി.പി.പി മാതൃകയിൽ 140 അപ്പാർട്ട്മെന്റുകൾ അടങ്ങിയ ഒരു ഭവന സമുച്ചയത്തിന്റെ നിർമ്മാണവുമാണ് പൂർത്തീകരിച്ചിട്ടുള്ളത്. |
| സി) | ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച വീട്ടുകൾ എത്രയാണെന്ന് അറിയിക്കാമോ; | സി) | ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച വീടുകളുടെ വിവരം അനുബന്ധം - 1 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| ഡി) | പുതുതായി എത്ര അപേക്ഷകൾ ലഭിച്ചു; അവയിൽ എത്രയെണ്ണത്തിന് അനുമതി നൽകി; വ്യക്തമാക്കുമോ; | ഡി) | പുതുതായി അപേക്ഷകൾ ക്ഷണിച്ചിട്ടില്ല. |
| ഇ) | ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിക്കായി തദ്ദേശ സ്ഥാപനങ്ങൾക്ക് നാളിതുവരെ എത്ര തുക അനുവദിച്ചുവെന്ന് അറിയിക്കാമോ? | ഇ) | ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദവിവരം അനുബന്ധം - 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനം | ഘട്ടം - 1 | | ഘട്ടം - 2 | | |
|---|---|---|---|---|---|---|
| | | യോഗ്യരായ ആകെ ഗുണഭോക്താക്കൾ | പൂർത്തിയായവ | യോഗ്യരായ ആകെ ഗുണഭോക്താക്കൾ | എഗ്രിമെന്റ് നടപ്പിലാക്കിയവ | പൂർത്തിയായവ |
| 1 | അരീക്കോട് | 15 | 14 | 9 | 9 | 9 |
| 2 | എടവണ്ണ | 102 | 94 | 68 | 68 | 68 |
| 3 | കാവനൂർ | 41 | 41 | 24 | 24 | 24 |
| 4 | കീഴുപറമ്പ് | 11 | 10 | 21 | 21 | 18 |
| 5 | ഊർങ്ങാട്ടിരി | 116 | 105 | 44 | 44 | 39 |
| 6 | കുഴിമണ്ണ | 12 | 12 | 11 | 10 | 9 |
| 7 | ചാലിയാർ | 143 | 142 | 78 | 78 | 72 |
| | **ആകെ** | **440** | **418** | **255** | **254** | **239** |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

| ക്രമ നം. | തദ്ദേശസ്വയം ഭരണ സ്ഥാപനം | തദ്ദേശസ്വയം ഭരണ വിഹിതം (ലക്ഷത്തിൽ) | ഹഡ്കോ വിഹിതം (ലക്ഷത്തിൽ) | സ്റ്റേറ്റ് വിഹിതം (ലക്ഷത്തിൽ) | ആകെ (ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | അരീക്കോട് | 36 | 0 | 0 | 36 |
| 2 | എടവണ്ണ | 124.66 | 95.12 | 40.22 | 260 |
| 3 | കാവനൂർ | 54.5 | 12 | 21.5 | 88 |
| 4 | കീഴുപറമ്പ് | 28.02 | 27.98 | 16 | 72 |
| 5 | ഊർങ്ങാട്ടിരി | 79.69 | 61.71 | 14.6 | 156 |
| 6 | കുഴിമണ്ണ | 25.6 | 10.4 | 0 | 36 |
| 7 | ചാലിയാർ | 97.2 | 125.8 | 65 | 288 |
| | **ആകെ** | **445.67** | **333.01** | **157.32** | **936** |

(ഒപ്പ്)
സെക്ഷൻ ഓഫീസർ